STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.08/PR/SPMC/PHQ/2025 Date: 27.01.2025

## 1806 പേർ കൂടി സേനയിലേക്ക്:

## പരിശീലനത്തിന് തുടക്കം കുറിച്ച് ഡി.ജി. പി

പൊതുജനങ്ങളോടുള്ള ഇടപെടലിൽ മാന്യതയും സത്യസന്ധതയും പുലർത്തണമെന്നും സൈബർകുറ്റകൃത്യങ്ങൾ, ലഹരിവസ്തുക്കളുടെ വ്യാപനം എന്നിവയ്ക്കെതിരെയുള്ള പോരാട്ടത്തിന് പ്രാമുഖ്യം നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് പറഞ്ഞു. കേരള പോലീസിൽ പുതുതായി നിയമനം ലഭിച്ച 1806 പോലീസ് കോൺസ്റ്റബിൾമാരുടെയും ഹവിൽദാർമാരുടെയും ആദ്യ ബാച്ചിന്റെ പരിശീലനം തിരുവനന്തപുരത്തു സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ ആസ്ഥാനത്തു നടന്ന ചടങ്ങിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മലബാർ സ്പെഷ്യൽ പോലീസ്, സ്പെഷ്യൽ ആംഡ് പോലീസ്, ആർ.ആർ.ആർ.എഫ്, കേരള പോലീസ് അക്കാദമി, വിവിധ കെ.എ.പി ബറ്റാലിയനുകൾ എന്നിങ്ങനെ ഒൻപതു കേന്ദ്രങ്ങളിലാണ് ഇവർക്ക് പരിശീലനം നൽകുന്നത്. ഔട്ട്ഡോർ, ഇൻഡോർ വിഭഗങ്ങളിലായി വ്യത്യസ്ത വിഷയങ്ങളിൽ പരിശീലിപ്പിക്കപ്പെടുന്ന ഇവരുടെ പരിശീലന കാലാവധി ഒൻപതു മാസമാണ്. 215 വനിതകളും ഇതിൽ ഉൾപ്പെടുന്നു.

പുതുതായി നിയമനം ലഭിച്ചവരിൽ എൻജിനീയറിംഗിൽ ബിരുദാനന്തര ബിരുദം നേടിയ രണ്ടു പേരും മറ്റു വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയ 191 പേരും ഉൾപ്പേടുന്നു. കൂടാതെ 128 ബി.ടെക്ക് ബിരുദധാരികളും ഇതര വിഷയങ്ങളിൽ ബിരുദം നേടിയ 974 പേരും 101 ഡിപ്ലോമക്കാരും 410 പേർ പ്ലസ്ടു ഐ.റ്റി.ഐക്കാരുമാണ്.

ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി എം. ആർ അജിത്കുമാർ, ആംഡ് പോലീസ് ബറ്റാലിയൻ ഡി.ഐ.ജി (അഡീഷണൽ ചാർജ് ) ആനന്ദ് ആർ,

എസ്.എ.പി കമാണ്ടന്റ് ഷെഹൻഷാ കെ എസ് എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. മറ്റു കേന്ദ്രങ്ങളിലെ പരിശീലനാർത്ഥികൾ ഓൺലൈൻ ആയിട്ടാണ് പങ്കെടുത്തത്.

ഫോട്ടോ ക്യാപ്ഷൻ: പുതുതായി നിയമനം ലഭിച്ച പോലീസ് കോൺസ്റ്റബിൾമാരുടെയും ഹവിൽദാർമാരുടെയും ആദ്യ ബാച്ചിന്റെ പരിശീലനം തിരുവനന്തപുരത്തു സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ ആസ്ഥാനത്തു നടന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.

*****************************************


KERALA POLICE
1st BATCH RECRUITED HAVILDARS &
POLICE CONSTABLES TRAINING - 2025
INAUGURATION CEREMONY
Through Online Streaming
Dr. Shaik Darvesh Saheb IPS